പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 223

# 2019-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 25-10-2019

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 223

# 2019-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ

# 2019-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബിൽ

2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 7-ാം വകുപ്പിനുള്ള ഭേദഗതി.—2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റിന്റെ (2013-ലെ 7) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 7-ാം വകുപ്പിന് ശേഷം താഴെ പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത് :—

"എന്നാൽ, ഒരു വർഷത്തിൽ അധികരിക്കുന്ന ഒരു കാലയളവിലേയ്ക്ക് കുടിശ്ശിക വരുത്തിയിട്ടുള്ള ഒരു അംഗത്തിന്റെ അംഗത്വം സർക്കാർ അനുമതി കൂടാതെ പുനരുജ്ജീവിപ്പിക്കാൻ പാടുള്ളതല്ല.".

3. 7 എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 7-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"7 എ. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.—6-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം നിധിയിലേയ്ക്കുള്ള അംശദായം അടയ്ക്കുന്നതിൽ വീഴ്ച വരുത്തി അംഗത്വം നഷ്ടപ്പെട്ട ആളുകളുടെ അംഗത്വം പുനരുജ്ജീവിപ്പിക്കുന്നതിന് വേണ്ടി, സർക്കാരിന്, വിജ്ഞാപനം വഴി, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിക്കാവുന്നതാണ്.".

4. 9-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 9-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ,—

(i) (എ) ഖണ്ഡത്തിൽ "ഗവൺമെന്റ് സെക്രട്ടറി, നികുതി വകുപ്പ് " എന്ന വാക്കുകൾക്ക് പകരം "രജിസ്ട്രേഷൻ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (ബി) ഖണ്ഡത്തിൽ "ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ" എന്ന വാക്കുകൾക്ക് പകരം "ഗവൺമെന്റ് സെക്രട്ടറി, നികുതി വകുപ്പ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം, ഒരംഗം തുടർച്ചയായി ആറുമാസക്കാലം അംശദായം അടയ്ക്കാൻ വീഴ്ച വരുത്തുകയും നിധിയിലെ അംഗത്വം അവസാനിപ്പിക്കുകയും ചെയ്താൽ അംഗത്വം അവസാനിച്ച തീയതി മുതൽ ആറു മാസത്തിനകം 12 ശതമാനം വാർഷിക പലിശയോടുകൂടി കടിശ്ശിക അംശദായം അടച്ചാൽ അംഗത്വം പുനരുജ്ജീവിപ്പിക്കാവുന്നതാണ്. അപ്രകാരം അംഗത്വം പുനരുജ്ജീവിപ്പിക്കുന്ന ആവശ്യത്തിലേയ്ക്കായി ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിക്കുന്നതിന് സർക്കാരിന് അധികാരം നൽകിക്കൊണ്ടും, കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡിൽ നികുതി വകുപ്പ് സെക്രട്ടറിയ്ക്ക് പകരം രജിസ്ട്രേഷൻ വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയെ ചെയർമാനായും, ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷന് പകരം, നികുതി വകുപ്പ് ഗവൺമെന്റ് സെക്രട്ടറിയെ വൈസ്ചെയർമാനായും ഉൾപ്പെടുത്തിക്കൊണ്ടും പ്രസ്തുത ആക്റ്റ് ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

മേൽ പ്രസ്താവിച്ച ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. ബില്ലിന്റെ 3-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ പുതിയതായി ചേർക്കുവാൻ ഉദ്ദേശിക്കുന്ന 7എ വകുപ്പ്, 6-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം നിധിയിലേയ്ക്കുള്ള

അംശദായം അടയ്ക്കുന്നതിൽ വീഴ്ച വരുത്തി അംഗത്വം നഷ്ടപ്പെട്ട ആളുകളുടെ അംഗത്വം പുനരുജ്ജീവിപ്പിക്കുന്നതിന് വേണ്ടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിക്കാൻ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത്, അവ ഭരണപരമോ, സാധാരണ സ്വഭാവത്തോടു കൂടിയതോ നടപടി ക്രമങ്ങളെ സംബന്ധിച്ച കാര്യങ്ങളോ ആകുന്നു. കൂടാതെ, ചട്ടങ്ങൾ, അവ ഉണ്ടാക്കിയതിനുശേഷം നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ജി. സുധാകരൻ.

# 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും, സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

## (2013-ലെ 7)

** ** ** **

7. അംഗത്വം പുനരുജ്ജീവിപ്പിക്കൽ.—6-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം അംഗത്വം അവസാനിപ്പിക്കപ്പെട്ട ഒരു അംഗത്തിന് അപ്രകാരം അംഗത്വം അവസാനിപ്പിക്കപ്പെട്ട തീയതി മുതൽ ആറു മാസത്തിനകം പന്ത്രണ്ട് ശതമാനം വാർഷിക പലിശയോടുകൂടി കുടിശ്ശിക അടച്ചാൽ അംഗത്വം പുനരുജ്ജീവിപ്പിച്ചു നൽകാവുന്നതാണ്.

** ** ** **

9. ബോർഡിന്റെ രൂപീകരണം.—(1) സർക്കാരിന്, വിജ്ഞാപനംവഴി അതിൽ വിനിർദ്ദേശിക്കപ്പെടുന്ന തീയതി മുതൽ പ്രാബല്യത്തോടുകൂടി, നിധിയുടെ ഭരണ നിർവ്വഹണത്തിനും നടത്തിപ്പിനും ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും നടപ്പിലാക്കുന്നതിനുംവേണ്ടി "കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബോർഡ് " എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

** ** ** **

(3) ബോർഡിൽ ഇതിനുശേഷം വ്യവസ്ഥ ചെയ്യുന്ന പ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സർക്കാരിനെ പ്രതിനിധാനം ചെയ്യുന്ന ഏഴ് ഔദ്യോഗിക അംഗങ്ങളും നിധിയുടെ ഗുണഭോക്താക്കളെ പ്രതിനിധാനം ചെയ്യുന്ന അഞ്ച് അനൗദ്യോഗിക അംഗങ്ങളും ഉണ്ടായിരിക്കേണ്ടതാണ്, അതായത് :

(എ) ഗവൺമെന്റ് സെക്രട്ടറി, നികുതിവകുപ്പ് അദ്ദേഹം ബോർഡിന്റെ ചെയർമാനായിരിക്കുന്നതാണ് ;

(ബി) ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ അദ്ദേഹം ബോർഡിന്റെ വൈസ് ചെയർമാനായിരിക്കുന്നതാണ്.

** ** ** **